**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5113** **02-11-2021 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷുറൻസ് ക്ലെയിം വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഫണ്ട് ഇല്ലാത്തത് കാരണം വിള ഇൻഷുറൻസ് ക്ലെയിം വിതരണം മുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വിള നാശം സംഭവിച്ചതിന് നഷ്ടപരിഹാരം നൽകുന്നതിന് 2021-2022 വർഷത്തിൽ 2000.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ആയത് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിലെ വിള ഇൻഷുറൻസ് ഫണ്ടിൽ നിന്നും 450.00 ലക്ഷം രൂപയും കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര രൂപയാണ് വിള ഇൻഷുറൻസ് ക്ലെയിമായി കർഷകർക്ക് നല്കുവാനുള്ളത്; ജില്ലാ അടിസ്ഥാനത്തിൽ കണക്കുകൾ നൽകാമോ; | (ബി) | വിള ഇൻഷുറൻസ് നഷ്ടപരിഹാരമായി കർഷകർക്ക് നൽകുവാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാന വിഹിതം അടയ്ക്കാത്തതിനാൽ കേന്ദ്രാവിഷ്കൃത വിള ഇൻഷുറൻസ് പ്രകാരമുള്ള നഷ്ടപരിഹാര തുക ലഭിക്കാത്ത സാഹചര്യം വ്യക്തമാക്കാമോ? | (സി) | കേന്ദ്രാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമ യോജന (PMFBY), കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി (RWBCIS) എന്നിവയ്ക്ക് ഖാരിഫ് 2020 സീസണിലെ സംസ്ഥാന വിഹിതത്തിന്റെ രണ്ടാം ഗഡുവായ 1354.76160 ലക്ഷം രൂപ 28/05/2021 തീയതിയിലെ സ.ഉ.(സാധാ) നം.443/2021/കൃഷി പ്രകാരം അനുവദിക്കുകയുണ്ടായി. കൂടാതെ സ.ഉ.(സാധാ)നം. 455/2021/കൃഷി, തീയതി 01/06/2021 പ്രകാരം റാബി 2020-2021-ന്റെ സംസ്ഥാന വിഹിതത്തിന്റെ ആദ്യ ഗഡുവായ 619.20425 ലക്ഷം രൂപയും പദ്ധതി നടത്തിപ്പ് ഏജൻസിയായ അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനി ഓഫ് ഇൻഡ്യ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. റാബി 2020-2021 സീസണിലെ രണ്ടാം ഗഡുവായ 1155.48375 ലക്ഷം രൂപയും ഖാരിഫ് 2021 സീസണിലെ ആദ്യ ഗഡുവായ 824.00459 ലക്ഷം രൂപയും ചേർത്ത് ആകെ 1979.48834 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നമ്പർ | ജില്ല | ആവശ്യമായ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 103.3152 |
| 2 | കൊല്ലം | 82.18 |
| 3 | പത്തനംതിട്ട | 127.36145 |
| 4 | ആലപ്പുഴ | 83.933 |
| 5 | കോട്ടയം | 75.65915 |
| 6 | ഇടുക്കി | 112.3883 |
| 7 | എറണാകുളം | 255.00415 |
| 8 | തൃശ്ശൂർ | 105.3689 |
| 9 | പാലക്കാട് | 78.66574 |
| 10 | മലപ്പുറം | 596.6314 |
| 11 | കോഴിക്കോട് | 184.5167 |
| 12 | വയനാട് | 313.7685 |
| 13 | കണ്ണൂർ | 79.9971 |
| 14 | കാസർഗോഡ് | 16.7466 |
| **ആകെ** | | **2215.53619** |

**സെക്ഷൻ ഓഫീസർ**

Scanned with CamScanner